## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1630 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരസഭയുടെ മാലിന്യ നിർമാർജ്ജന സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.മുരളീധരൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | മാലിന്യം ഉല്പാദിപ്പിക്കുന്നവർ തന്നെ മാലിന്യസംസ്കരണത്തിന് സംവിധാനം ഉണ്ടാക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഉറവിട മാലിന്യ പരിപാലനത്തിനായി നഗരസഭാ പദ്ധതിയിൽപ്പെടുത്തി വീടുകളിൽ ബയോ-കമ്പോസ്റ്റർ കിച്ചൻബിന്നുകൾ സ്ഥാപിച്ചു നൽകുന്നു. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നു. അതിന്റെ പരിപാലനത്തിനായി അംഗീകൃത സേവനദാതാക്കളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ സ്വന്തം നിലയിൽ ഉറവിട മാലിന്യ പരിപാലന സംവിധാനം ഒരുക്കണമെന്നത് ലൈസൻസ് വ്യവസ്ഥയാക്കിയിട്ടുണ്ട്. |
| (ബി) | നഗരസഭ മാലിന്യ പരിപാലന സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; | (ബി) | നഗരത്തിലെ രണ്ട് വാർഡുകളിൽ മൊബൈൽ ആപ്പിന്റെ സഹായത്തോടെ സർവ്വേ ആരംഭിച്ചിട്ടുണ്ട്. സർവ്വേ പൂർത്തിയായിട്ടില്ല. |
| (സി) | നഗരസഭയുടെ മാലിന്യ നിർമാർജ്ജന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് ഈ സർവ്വേ എപ്രകാരം സഹായകമാണെന്ന് വിശദീകരിക്കുമോ; | (സ) | സർവ്വേ പൂർത്തിയായിട്ടില്ല |
| (ഡി) | മാലിന്യ പരിപാലന സർവ്വേയിൽ നഗരത്തിലെ ഫ്ളാറ്റുകളും കല്യാണ മണ്ഡപങ്ങളും വാണിജ്യ കേന്ദ്രങ്ങളും ഉൾപ്പെട്ടിരുന്നോ എന്നറിയിക്കാമോ? | (ഡി) | ഉൾപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ